# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 886 — 08.03.12 ൽ -മറുപടിക്ക്

## അനർഹമായി നേടുന്ന ബി.പി.എൽ. റേഷൻകാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ബെന്നി ബെഹനാൻ<br>,, എ.ടി.ജോർജ്<br>,, ഹൈബി ഈഡൻ | ശ്രീ.ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വ്യാജ സത്യവാങ്മൂലങ്ങളും അസത്യ പ്രസ്താവനകളും നൽകി പലരും അനർഹമായി ബി.പി.എൽ. റേഷൻ കാർഡ് നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്നറിയിക്കാമോ? | (സി) അനർഹമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ബി.പി.എൽ കാർഡുകൾ സറണ്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 29211 കാർഡുകൾ സറണ്ടർ ചെയ്യപ്പെട്ടിട്ടുണ്ട്. സറണ്ടർ ചെയ്യാനുള്ള സമയപരിധി കഴിഞ്ഞിട്ടും വീണ്ടും അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കയാണ്. അനർഹമായ ബി.പി.എൽ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ